## ചോ:

# "മരണശേഷം ജീവിതം ഉണ്ടോ?"

## ഉത്തരം:

ക്രമേണ നാം മരിക്കുമെന്നു നമുക്ക് എല്ലാവർക്കും അറിയാം. ചോദ്യം ഇതാണ്: അതിനുശേഷം എന്തു സംഭവിക്കും? അല്ലെങ്കിൽ ഇയ്യോബ് ചോദിച്ചതുപോലെ, "മനുഷ്യൻ മരിച്ചാൽ, വീണ്ടും ജീവിക്കുമോ? ..." (ഇയ്യോബ് 14:14). ഒരാൾ തന്റെ 80-കളിൽ താൻ തന്റെ ശ്മശാനകാര്യഭാരവാഹിയെ കാത്തിരിക്കയാണ് എന്നു എന്റെ ഒരു സ്നേഹിതനോടു പറഞ്ഞു. എന്റെ സ്നേഹിതൻ ചോദിച്ചു, "എന്നാൽ അതിനു ശേഷം നിങ്ങൾ എവിടെയായിരിക്കും എന്നു നിങ്ങൾക്കറിയാമോ?" "ഉവ്വ്," അയാൾ മറുപടി പറഞ്ഞു, "ഒന്നുകിൽ ഞാൻ ആറടി മണ്ണിനടിയിൽ അല്ലെങ്കിൽ ദഹിപ്പിക്കുന്ന ശ്മശാനത്തിൽ." അയാൾ പറഞ്ഞതു ശരിയോ? മരണശേഷം അതു മാത്രമാണോ?

മരണശേഷം ഒരു ജീവിതം ഉണ്ടെന്നു മനുഷ്യർ പലപ്പോഴും വിശ്വസിച്ചിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന, റോബർട്ട് ഇംഗെർസോൾ എന്നറിയപ്പെടുന്ന ദൈവവിശ്വാസിയല്ലാത്ത ഒരാൾ മരണശേഷവും ജീവിതം തുടരുമെന്നു പ്രത്യാശിച്ചിരുന്നു. തന്റെ സഹോദരന്റെ കല്ലറക്കൽ പുകഴ്ത്തിയെഴുതിയിരിക്കുന്നതിൽ, ഇങ്ങനെ പറഞ്ഞു,

> ... മരണത്തിന്റെ പ്രത്യാശാ നിഴലിൽ ഒരു നക്ഷത്രത്തെ കാണുകയും ശ്രദ്ധിച്ചാൽ സ്നേഹച്ചിറകടിയുടെ മർമ്മരശബ്ദവും കേൾക്കാം. ഇവിടെ ഉറങ്ങുന്നവർ, മരിക്കുമ്പോൾ, ആരോഗ്യം വീണ്ടു കിട്ടി തിരിച്ചു വരാമെന്നു പ്രതീക്ഷിച്ചു, അന്ത്യശ്വാസം വിടുന്നു, "ഇപ്പോൾ എനിക്കു സുഖമുണ്ട്." നമുക്ക് നമ്മുടെ സംശയങ്ങളും സിദ്ധാന്തങ്ങളും ഭയവും കണ്ണുനീരും നീക്കിക്കളഞ്ഞു, മരിച്ച അസംഖ്യം ആളുകളെ സംബന്ധിച്ചു ആ വാക്കുകൾ വാസ്തവമാണെന്നു വിശ്വസിക്കാം.[1]

ഇംഗെർസോൾ സ്വർഗത്തിൽ വിശ്വസിക്കുവാൻ ആഗ്രഹിച്ചു. നാമെല്ലാവരും മരണശേഷമുള്ള ജീവിതത്തിൽ വിശ്വസിപ്പാൻ ആഗ്രഹിക്കുന്നു. എന്നാൽ നമുക്ക് അതിനു കഴിയുമോ?

ആ ചോദ്യത്തിനുള്ള ഉത്തരം ബൈബിളിൽ തെറ്റില്ലാതെ ഉറപ്പിച്ചു പറയുന്നു. എന്നാൽ ബൈബിൾ ഉപദേശത്തെ തടയുവാൻ അതിനു കഴിയുകയില്ല. *നിങ്ങൾക്കു മരണശേഷം മറ്റെന്തെല്ലാം സംഭവിക്കുന്നു എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്?*

ആ ചോദ്യത്തിനുള്ള ഉത്തരം കഴിവതും വ്യക്തമാക്കുവാൻ, ജോ ബ്രൗൺ എന്ന ഒരാളുടെ ജീവിതത്തിന്റെയും, മരണത്തിന്റെയും, മരണശേഷവുമുള്ള കഥ പറയാം. നാം ഇതു പറയുമ്പോഴും, ജോ ബ്രൗൺ, ഓരോ വ്യക്തിയേയുമാണ് പ്രതിനിധീകരിക്കുന്നതു എന്നത് മനസ്സിൽ സൂക്ഷിക്കുക.

## ജോ ബ്രൗൺ ജീവിതത്തിൽ

സങ്കീർത്തനക്കാരൻ ചോദിക്കുന്നു, "മർത്യനെ നീ ഓർക്കേണ്ടതിനു, അവൻ എന്ത്? ..." (സങ്കീർത്തനങ്ങൾ 8:4). ജീവിതത്തിൽ, ജോ ബ്രൗൺ എന്തായിരുന്നു?

*അവൻ ഒരു ആത്മാവു ആണ്, അല്ലെങ്കിൽ, അവനു ഒരു ആത്മാവു ഉണ്ടായിരുന്നു,* അതായത്, വാസ്തവത്തിൽ, ഏതൊരു മനുഷ്യനെ സംബന്ധിച്ചും ജോ ബ്രൗണിനെ സംബന്ധിച്ചും ഏറ്റവും അടിസ്ഥാന കാര്യം അതാണ്. എങ്ങനെയായാലും, അവനെ, മെനഞ്ഞത് ദൈവത്തിന്റെ രൂപത്തിലായിരുന്നു - ദൈവം ആത്മാവുമാണ് (യോഹന്നാൻ 4:24). അതുകൊണ്ടു, മനുഷ്യൻ *ഒരു ശരീരത്തേക്കാൾ അധികമാണ്*; അവൻ, എല്ലാറ്റിലുമുപരി, ഒരു ആത്മീയജീവിയാണ്. "ഉള്ളിലുള്ളതും" "പുറമെയുള്ളതും" അടങ്ങുന്നതാണ് മനുഷ്യൻ എന്നു പൗലൊസ് സംസാരിച്ചിരിക്കുന്നു (2 കൊരിന്ത്യർ 4:16; ഒ.വാ.സഭാപ്രസംഗി 12:7).

*അവന്നു ഒരു ഭൗതികശരീരവുമുണ്ട്.* പൗലൊസ് എഴുതി, "ആകയാൽ, സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതെന്തെന്നാൽ, നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ഉള്ള യാഗമായി സമർപ്പിപ്പിൻ, ..." (റോമർ 12:1). അവൻ "നിങ്ങൾ" എന്നതിനെയും "നിങ്ങളുടെ ശരീരങ്ങൾ" എന്നതിനെയും തമ്മിൽ വേർതിരിച്ചറിയുന്നു. റോമിലുണ്ടായിരുന്ന ക്രിസ്ത്യാനികളുടെ സത്ത അവരുടെ ശരീരങ്ങളിലായിരുന്നില്ല; "അവർക്ക്" അവരുടെ ശരീരങ്ങളിൽ നിയന്ത്രണമുണ്ടായിരുന്നു, എന്നാൽ "അവരെ" അവരുടെ ശരീരങ്ങളുമായി തുല്യപ്പെടുത്താമായിരുന്നില്ല.

*അവനു ഒരു വ്യക്തിത്വമുണ്ട്.* ഒരാളുടെ മാനസിക തയ്യാറെടുപ്പിന്റെ (അയാളുടെ ഭൗതികത്തിനു എതിരായ) പൂർണ്ണമായരൂപത്തിന് നാം "വ്യക്തിത്വം" എന്ന വാക്ക് ഉപയോഗിക്കുന്നു: ജോ ബ്രൗൺ ഒന്നുകിൽ സ്നേഹമുള്ളവൻ അല്ലെങ്കിൽ കയ്പുള്ളവൻ, ഒന്നുകിൽ ദയയുള്ളവൻ അല്ലെങ്കിൽ ക്രൂരൻ, ഒന്നുകിൽ താഴ്മയുള്ളവൻ അല്ലെങ്കിൽ നിഗളമുള്ളവൻ. അവന്റെ അനുഭവങ്ങളും, ശീലങ്ങളും, സ്വഭാവഗുണങ്ങളുമാണ് അവനെ അവനാക്കി മാറ്റുന്നതു. ആ സ്വഭാവമൊന്നുമില്ലെങ്കിൽ, അയാൾ അയാളേ അല്ല.

ജോ ബ്രൗൺ ജീവിക്കുന്ന കാലത്തോളം അവനു ദൈവത്തെയും സഹമനുഷ്യനെയും സേവിക്കുവാനുള്ള ഉത്തരവാദിത്വമുണ്ട്. അവൻ അങ്ങനെ ചെയ്യുന്നുണ്ടോ? അതു, അവനും, ദൈവത്തിനും മാത്രം അറിയാം.

## ജോ ബ്രൗൺ മരണത്തിൽ

മരണത്തിൽ ജോ ബ്രൗണിന് എന്തു സംഭവിക്കുന്നു? മരണം ഒരു വേർപാടാണ്. യാക്കൊബ് 2:26 പറയുന്നു: "ആത്മാവില്ലാത്ത ശരീരം നിർജീവമായിരിക്കുന്നതുപോലെ, പ്രവൃത്തിയില്ലാത്ത ശരീരം നിർജീവമാണ്." ശരീരത്തിൽ നിന്നു ആത്മാവു പോകുമ്പോൾ, ആത്മാവും ശരീരവും തമ്മിൽ വേർപിരിയുന്നു, അപ്പോൾ മരണം സംഭവിക്കുന്നു. ഒരാളുടെ വസ്ത്രം മാറുന്നതുപോലെയാണ് മരണം എന്നു ചിത്രീകരിച്ചിരിക്കുന്നു, അതു "നമ്മുടെ ഭൗമ ഭവനമായ കൂടാരത്തെ" നീക്കുന്നത് "സ്വർഗീയ ഉടുപ്പു മീതെ നമ്മെ ധരിപ്പിക്കുവാൻ" ആണ് (2 കൊരിന്ത്യർ 5:1, 2; വാ.4, 8).

നിങ്ങളുടെ ഒരു കൈ നഷ്ടപ്പെട്ടാലും, നിങ്ങൾ നിങ്ങൾ തന്നെയാണ്. നിങ്ങളുടെ രണ്ടു കയ്യും രണ്ടു കാലും നഷ്ടപ്പെട്ടാലും, അപ്പോഴും നിങ്ങൾ, നിങ്ങൾ തന്നെയാണ്. മരണത്തെ ചിത്രീകരിക്കുക, പിന്നെ, നിങ്ങളുടെ കൈകാലുകൾ

നഷ്ടമാകാത്തതുപോലെയും, ശരീരം മൊത്തമായി നഷ്ടപ്പെട്ടതുപോലെയും കാണുക. നിങ്ങളുടെ ഒരു കൈ നഷ്ടപ്പെട്ടപ്പോൾ "നിങ്ങൾ" നിങ്ങളായിരുന്ന തുപോലെ, ശരീരം പോയാലും "നിങ്ങൾ" നിങ്ങളായി തന്നെ നിലനില്ക്കും. അതുപോലെ, ജോ ബ്രൗൺ മരിക്കുമ്പോൾ, അവൻ തന്റെ ശരീരം "ഉരിഞ്ഞു കളയുന്നു" എന്നാൽ, അവൻ തുടർന്നും നിലനില്ക്കുന്നു.

## ജോ ബ്രൗൺ പാതാളത്തിൽ

മരിച്ച ഉടനെ ജോ ബ്രൗണിനു എന്തു സംഭവിക്കുന്നു? ധനവാന്റേയും ലാസറിന്റേയും കഥയിൽ, ധനവാൻ "ദിവസേന ആഡംബരത്തോടെ ജീവി ച്ചു," ആ സമയം യാചകനായ ലാസറോ രോഗവും, വിശപ്പും, ഉള്ള ദരിദ്ര നായിരുന്നു. ലൂക്കൊസ് 16:22-31 പറയുന്നു,

> "ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേക്കു കൊണ്ടുപോയി; ധനവാനും മരിച്ചു അടക്കപ്പെട്ടു. പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ, മേലോട്ട് നോക്കി ദൂരത്തുനിന്നു അബ്രഹാമിനെയും, അവന്റെ മടിയിൽ, ലാസറിനേയും കണ്ടു. 'അബ്രഹാം പിതാവേ, എന്നോടു കനിവുണ്ടാകേണമേ, ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന്നു, അവനെ അയക്കേണമേ; ഞാൻ ഈ ജ്വാല യിൽ കിടന്നു വേദന അനുഭവിക്കുന്നു,' എന്നു വിളിച്ചു പറഞ്ഞു. അബ്ര ഹാം പറഞ്ഞു, 'മകനേ, നിന്റെ ആയുസിൽ നീ നന്മയും, ലാസർ അവ്വണ്ണം തിന്മയും പ്രാപിച്ചു എന്നോർക്ക; ഇപ്പോൾ അവൻ ഇവിടെ ആശ്വസിക്കു ന്നു, നീയോ വേദന അനുഭവിക്കുന്നു. അത്രയുമല്ല, ഞങ്ങൾക്കും നിങ്ങൾക്കും നടുവേ വലിയോരു പിളർപ്പുണ്ടാക്കിയിരിക്കുന്നു, ഇവിടെ നിന്നു നിങ്ങളുടെ അടുക്കൽ കടന്നുവരുവാൻ ഇച്ഛിക്കുന്നവർക്കു കഴിവി ല്ല, അവിടെനിന്നു ഞങ്ങളുടെ അടുക്കൽ കടന്നുവരുവാനും പാടില്ല.' അതിന്നു അവൻ പറഞ്ഞു, 'എന്നാൽ പിതാവേ, അവനെ എന്റെ അപ്പന്റെ വീട്ടിൽ അയക്കേണമെന്നു ഞാൻ അപേക്ഷിക്കുന്നു - എനിക്കു അഞ്ചു സഹോദരന്മാർ ഉണ്ട് - അവരും ഈ യാതനാസ്ഥലത്തു വരാതിരിപ്പാൻ, അവൻ അവരോടു സാക്ഷ്യം പറയട്ടെ.' അബ്രഹാം അവനോടു പറഞ്ഞു, 'അവർക്കു മോശെയും പ്രവാചകന്മാരും ഉണ്ടല്ലൊ; അവരുടെ വാക്ക് അവർ കേൾക്കട്ടെ.' അതിന്നു അവൻ പറഞ്ഞു, 'അല്ലല്ല, അബ്രഹാം പിതാവേ, മരിച്ചവരിൽ നിന്നു ഒരുത്തൻ എഴുന്നേറ്റു അവരുടെ അടുക്കൽ ചെന്നു എങ്കിൽ, അവർ മാനസാന്തരപ്പെടും!' അവൻ അവനോട് പറഞ്ഞു, 'അവർ മോശെയുടെയും പ്രവാചകന്മാരുടേയും വാക്ക് കേൾക്കാഞ്ഞാൽ, മരിച്ച വരിൽനിന്നു ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കയില്ല.'"

*ഇതിൽ നിന്നും, ആദ്യം, ഒരു വ്യക്തി മരിച്ചശേഷം എന്തായിതീരും എന്നു നമുക്കു പഠിക്കുവാൻ കഴിയും.*

*അവൻ അപ്പോഴും ആത്മാവാകുന്നു*. ലാസറും, ധനവാനും മരിച്ചപ്പോൾ അവരുടെ ശരീരം വിട്ടിട്ടാണ് പോയത്, എന്നാൽ അവർ ഇപ്പോഴും ആത്മിയ രൂപത്തിലുണ്ട്.

മരണശേഷം, ഒരു വ്യക്തിക്ക്, *ഒരു ആത്മിയശരീരം,* ലഭിക്കുന്നു. നാം മരിക്കുമ്പോൾ വസ്ത്രമില്ലാത്തവരായിരിക്കയില്ല, സ്വർഗീയമായ ഒന്നു നാം

ധരിക്കുമെന്നു പൗലൊസ് പറയുന്നു (2 കൊരിന്ത്യർ 5:2–4). അവൻ അതേ പോയിന്റു തന്നെ ഈ ചോദ്യങ്ങൾക്ക് ഉത്തരം നല്കുമ്പോഴും നല്കുന്നു, “മരിച്ചവർ എങ്ങനെ ഉയിർക്കുന്നു? അവർ ഏതു തരം ശരീരത്തോടെ വരുന്നു?” (1 കൊരിന്ത്യർ 15:35). അവൻ വിവരിക്കുന്നു, “പ്രാകൃതശരീരം വിതെക്കപ്പെടുന്നു, ആത്മികശരീരം ഉയിർക്കപ്പെടുന്നു....” (1 കൊരിന്ത്യർ 15:44). ആത്മീകശരീരം നമുക്ക് എന്തിനാണ്? കാരണം “ജഡരക്തങ്ങൾക്കു ദൈവരാജ്യം അവകാശമാക്കുവാൻ സാധ്യമല്ല....” (1 കൊരിന്ത്യർ 15:50). അതുപോലെ, ക്രിസ്തു വീണ്ടും വരുമ്പോൾ ജീവനോടെയിരിക്കുന്നവർ “രൂപാന്തരപ്പെടും” (1 കൊരിന്ത്യർ 15:51) കാരണം “ഈ ദ്രവത്വമുള്ളതു അദ്രവത്വത്തെയും, ഈ മർത്യമായതു അമർത്യത്തെയും ധരിക്കേണം” (1 കൊരിന്ത്യർ 15:53). അതുകൊണ്ടു, മരിച്ച ഓരോരുത്തർക്കും ഓരോ ആത്മീകശരീരം ഉണ്ട്.

ഒരു വ്യക്തിക്കു അപ്പോഴും അവന്റെ പഴയ *വ്യക്തിത്വം* ഉണ്ട്. ധനവാനും ലാസറിനും അവരുടെ മുമ്പിലത്തെ വ്യക്തിത്വമുണ്ടായിരുന്നു. മരണശേഷം, ഒരു വ്യക്തി പ്രത്യേകരൂപമില്ലാത്ത ഒരു പിണ്ഡമോ അല്ലെങ്കിൽ വ്യക്തതയില്ലാത്ത ആത്മാവോ ആകുന്നില്ല. അവനു ഓർമ്മയും, മനസും, ചിന്തിക്കുവാനുള്ള കഴിവും, വിവേചിക്കുവാനുള്ള കഴിവും, വികാരവും, വേദന അനുഭവിക്കുവാനുള്ള കഴിവും ഉണ്ട്. നാം ഒരാളായി മരിക്കയും വേറൊരാളായി എഴുന്നേല്ക്കയും ചെയ്യുന്നില്ല. ഇന്നു നാം ആരായിരിക്കുന്നുവോ, അതേപോലെയുള്ള വ്യക്തിയായിരിക്കും നാം മരണശേഷവും.

*ഈ സംഭവത്തിൽ നിന്ന്, ഒരാൾ മരിച്ചാൽ എവിടെ പോകുമെന്ന് നാം പഠിക്കുന്നു.* ആ സംഭവം പറയുന്നത് ന്യായവിധി ദിവസത്തിനുശേഷമുള്ള കാര്യമല്ല കാരണം അപ്പോഴും ഭൂമിയിൽ ജീവിതം ഉണ്ട്; ധനവാന് അവന്റെ അഞ്ചുസഹോദരങ്ങൾ അപ്പോഴും ഭൂമിയിൽ ജീവിക്കുന്നുണ്ടായിരുന്നു. പക്ഷെ ന്യായവിധിക്കുശേഷം ആരും ഭൂമിയിൽ ജീവിച്ചിരിക്കയില്ല, കാരണം ക്രിസ്തു വീണ്ടും വരുമ്പോൾ ഭൂമി ഇല്ലാതാകുന്നു (2 പത്രൊസ് 3:10). മനുഷ്യർ മരിച്ചശേഷം എവിടെ പോകുന്നുവെന്നാണ് നാം പഠിക്കുന്നത്?

ചിലർ, ലാസറിനെ പോലെ, ഒരു വിശ്രമ സ്ഥലത്തേക്കു പോകുന്നു. അതിനെ പറുദീസ എന്നു വിളിക്കുന്നു, കാരണം, യേശു ക്രൂശിലെ കള്ളനോടു, താൻ മരിക്കുമ്പോൾ പോകുമെന്നു പറഞ്ഞ സ്ഥലം അതായിരുന്നു (ലൂക്കൊസ് 23:43). എന്നാൽ പറുദീസ പാതാളത്തിന്റെ ഒരുഭാഗമാണ്, കാരണം ബൈബിൾ പറയുന്നത് യേശു പാതാളത്തിലേക്കു പോയി എന്നാണ്. പത്രൊസ് ദാവീദിനെ കുറിച്ചു പറഞ്ഞു. “അവനെ പാതാളത്തിൽ വിട്ടുകളഞ്ഞില്ല, അവന്റെ ജഡം ദ്രവത്വം കണ്ടതുമില്ല എന്ന്, ക്രിസ്തുവിന്റെ പുനരുത്ഥാനം മുമ്പുകൂട്ടി കണ്ടു പ്രസ്താവിച്ചു” (പ്രവൃത്തികൾ 2:31).

ധനവാനെ പോലെ, മറ്റുള്ളവർ, യാതനാസ്ഥലത്തേക്കു പോകുന്നു. ധനവാനും പാതാളത്തിൽ ആണെന്നു പറഞ്ഞിരിക്കുന്നു: “... ധനവാനും മരിച്ചു ... പാതാളത്തിൽ, യാതനാ സ്ഥലത്തുനിന്ന് അവന്റെ കണ്ണുകൾ ഉയർത്തി ...” (ലൂക്കൊസ് 16:22, 23).

പാതാളത്തിൽ, യാതനാസ്ഥലവും, ആശ്വാസ സ്ഥലവും എങ്ങനെ ഒരുമിച്ചു വരും? പാതാളം മരിച്ചവരുടെ സ്ഥലമാണ്, മരിച്ച എല്ലാവരും, നീതിമാന്മാരും, നീതികെട്ടവരും അവിടേക്കാണ് പോകുന്നതു. അതിൽ രണ്ടു ഭാഗങ്ങൾ ഉൾപ്പെടുന്നു: ഒരു ആശ്വാസ സ്ഥലവും ഒരു യാതനാ സ്ഥലവും.

സ്പഷ്ടമായും, 2 പത്രൊസ് 2:4-ൽ ഗ്രീക്കുവാക്കായ *ടാർടാറസ്* എന്നു പത്രൊസ് ഉപയോഗിച്ചപ്പോൾ പാതാളത്തിലെ യാതനാസ്ഥലത്തെയാണ് അവൻ പറയുന്നത്. അവിടെ ആണെന്നുതോന്നുന്നു എല്ലാകാലത്തുമുള്ള ദുഷ്ടന്മാർ ശിക്ഷാവിധിക്കായി കാത്തു കിടക്കുന്നത്.

പാതാളത്തിൽ, പറുദീസയിലുള്ളവർക്കും യാതനാസ്ഥലത്തുള്ളവർക്കും തമ്മിൽ വലിയൊരു പിളർപ്പുണ്ട്. ധനവാൻ ആവശ്യപ്പെട്ടത് ലാസറിനെ അയച്ച് "അവന്റെ വിരൽ വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണമേ" എന്നായിരുന്നു (ലൂക്കൊസ് 16:24). അബ്രഹാം പ്രതികരിച്ചുകൊണ്ട്, ഭാഗികമായി, "ഞങ്ങൾക്കും നിങ്ങൾക്കും തമ്മിൽ വലിയോരു പിളർപ്പുണ്ട്, ഇവിടെ നിന്ന് അവിടേക്കും, അവിടെ നിന്നു ഇവിടേക്കും ആർക്കും കടന്ന് വരുവാൻ സാധ്യമല്ല" (ലൂക്കൊസ് 16:26). ആ പിളർപ്പ് കടക്കുവാൻ സാധ്യമല്ല. ഒരാൾ യാതനാസ്ഥലത്തു ഒരിക്കൽ പോയാൽ, അവിടെ തന്നെ കഴിയേണ്ടി വരും.

മരണശേഷം ഉടനെ ജോ ബ്രൗൺ എവിടെയാണ് പോയത്? അതിനുള്ള ഉത്തരം ധനവാനും ലാസറും എങ്ങനെ ജീവിച്ചു എന്നുള്ളത് ആസ്പദമാക്കിയിരിക്കുന്നതുപോലെ, അവൻ എങ്ങനെ ജീവിച്ചു എന്നുള്ളതിനെ ആസ്പദമാക്കിയാണിരിക്കുന്നത്.

ശ്രദ്ധിക്കുക, ഈ ലോക ജീവിതത്തിൽ ആശ്വാസപ്രദമായ ജീവിതം ലഭിച്ചതുകൊണ്ട് വരുവാനുള്ള ലോകത്തിലും അതു ലഭിക്കുമെന്ന് ഉറപ്പില്ല എന്നതാണ് ലാസറിന്റെ അനുഭവം തെളിയിക്കുന്നത്. ഇപ്പോൾ നിങ്ങൾ സമൃദ്ധിയിൽ ആയിരിക്കാം, "ഓരോ ദിവസവും ആഢംബരത്തോടെ ജീവിക്കയായിരിക്കാം"; എങ്കിലും, ദൈവത്തോടുള്ള ഉത്തരവാദിത്വം നിങ്ങൾ തള്ളിക്കളഞ്ഞതുകൊണ്ട്, മരണശേഷം നിങ്ങൾക്കു ലഭിക്കുവാൻ പോകുന്നത്, ധനവാനെ പോലെ, കഠിനയാതന ആയിരിക്കും!

## ക്രിസ്തുവിന്റെ രണ്ടാം വരവിൽ ജോ ബ്രൗൺ

നാലാമത്, ക്രിസ്തു വീണ്ടും വരുമ്പോൾ ജോ ബ്രൗണിന്റെ അവസ്ഥയെ കുറിച്ചു ചിന്തിക്കുക. ക്രിസ്തു രണ്ടാമത് വരും! ഒരു ദൂതൻ, അവന്റെ ആരോഹണത്തിനുശേഷം പറഞ്ഞു, "... നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ, സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ, അവൻ വീണ്ടും വരും" (പ്രവൃത്തികൾ 1:11). പുതിയ നിയമം അനുസരിച്ച്, അവന്റെ വരവിനെ ഒരു സമയത്തും തടയുവാൻ സാധ്യമല്ല.

ക്രിസ്തു മടങ്ങിവരുമ്പോൾ എന്തു സംഭവിക്കും?

*ക്രിസ്തു വീണ്ടും വരുമ്പോൾ, ജോ ബ്രൗണും മരിച്ചവരായ എല്ലാവരും ഉയർത്തെഴുന്നേൽക്കും.* യേശു പറഞ്ഞു, "... ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവന്നായും, തിന്മ ചെയ്തവർ ന്യായവിധിക്കായും, പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു" (യോഹന്നാൻ 5:28, 29). നീതിമാന്മാരും നീതികെട്ടവരും, ഒരേ സമയത്ത് ഉയർത്തെഴുന്നേൽക്കും.

*ക്രിസ്തു വീണ്ടും വരുമ്പോൾ, ജീവനോടെ ഇരിക്കുന്നവർ രൂപാന്തരം പ്രാപിക്കും:* "ഞാൻ, ഒരു മർമ്മം നിങ്ങളോടു പറയാം; നാം എല്ലാവരും, നിദ്ര കൊള്ളുകയില്ല, ... എന്നാൽ അന്ത്യകാഹള നാദത്തിങ്കൽ; ... നാം എല്ലാവരും, രൂപാന്തരപ്പെടും" (1 കൊരിന്ത്യർ 15:51-53). ഉയർത്തെഴുന്നേൽപ്പിനു

ശേഷവും, ജോ ബ്രൗണിന് ഒരു ശരീരം ഉണ്ടാകും, എന്നാൽ അത് വ്യത്യസ്തമായ ഒന്നായിരിക്കും. അത്, മറ്റുള്ളതുപോലെ, അദ്രവത്വവും ആത്മീയവും ആയിരിക്കും (1 കൊരിന്ത്യർ 15:42–44).

*ക്രിസ്തു വീണ്ടും വരുമ്പോൾ, ലോകം നശിപ്പിക്കപ്പെടും.*

> കർത്താവിന്റെ ദിവസമോ കള്ളനെ പോലെ വരും, അന്നു ആകാശം കൊടും മുഴക്കത്തോടെ ഒഴിഞ്ഞുപോകും, മൂലപദാർത്ഥങ്ങൾ കത്തിയഴിയുകയും ഭൂമിയും അതിലുള്ളതു ഒക്കെയും വെന്തുപോകയും ചെയ്യും (2 പത്രൊസ് 3:10).

ലോകത്തിലുള്ളതെല്ലാം, ലോകവും, ലോകത്തിലുള്ള പ്രപഞ്ചവും, ആളുകൾക്കു ജീവിക്കുവാനുള്ള എല്ലാ ഭൗതികമായ വസ്തുക്കളും ക്രിസ്തു വീണ്ടും വരുമ്പോൾ വെന്തുപോകും! പിന്നെ നാം ഏതു തരത്തിലുള്ള ആളുകൾ ആയിരിക്കും? (2 പത്രൊസ് 3:11). തീർച്ചയായും, ഭൗതികമായ വസ്തുക്കൾക്കുവേണ്ടി ജീവിക്കുന്ന വിധത്തിലുള്ള ആളുകൾ ആയിരിക്കയില്ല!

## ജോ ബ്രൗൺ ന്യായവിധിയിൽ

അഞ്ചാമതു, ന്യായവിധിയിൽ ജോ ബ്രൗൺ എങ്ങനെ ആയിരിക്കുമെന്ന് ചിന്തിക്കുക. യേശുക്രിസ്തു വീണ്ടും വരുമ്പോൾ മറ്റൊന്നുകൂടെ സംഭവിക്കും. ആ സമയത്ത് ഒരു ന്യായവിധി ഉണ്ടാകും:

> മനുഷ്യപുത്രൻ തന്റെ തേജസ്സോടെ, സകലവിശുദ്ധന്മാരുമായി വരുമ്പോൾ, അവൻ തന്റെ തേജസിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവന്റെ മുൻപിൽ കൂട്ടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും, കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിക്കും (മത്തായി 25:31, 32).

ന്യായവിധിയെ സംബന്ധിച്ച് പല ചോദ്യങ്ങൾക്കും ഉത്തരം നൽകേണ്ടതായിട്ടുണ്ട്:

ആരെയാണ് വിധിക്കുന്നത്? എല്ലാവരെയും! യോഹന്നാൻ പറഞ്ഞു, "... ഓരോരുത്തന്നു, അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധിയുണ്ടായി" (വെളിപ്പാട് 20:13; ഒ.വാ. റോമർ 14:10–12). ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, തയ്യാറായാലും ഇല്ലെങ്കിലും, നാം എല്ലാവരും വിധിക്കപ്പെടും! ആ ഒരു കണ്ടുമുട്ടൽ നമുക്കെല്ലാവർക്കും നിശ്ചയിച്ചിരിക്കുന്നതാണ് (എബ്രായർ 9:27).

ആരായിരിക്കും ന്യായം വിധിക്കുക? ദൈവം "താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയും ന്യായവും വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു, അവനു മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽപ്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പ് നൽകിയുമിരിക്കുന്നു" (പ്രവൃത്തികൾ 17:31).

ന്യായവിധിയുടെ മാനദണ്ഡം എന്തായിരിക്കും? നാം ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെട്ടോ ഇല്ലയോ എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും രക്ഷപ്പെട്ടോ അഥവാ നഷ്ടപ്പെട്ടോ എന്ന് തീരുമാനിക്കുക (വെളിപ്പാട് 7:14). അതിനുപുറമെ, ന്യായവിധിയുടെ രണ്ടു മാനദണ്ഡങ്ങൾ പുതിയ നിയമം

സംസാരിക്കുന്നു. ഒന്ന്, നാം ക്രിസ്തുവിന്റെ വാക്കുകളാൽ ന്യായം വിധിക്കപ്പെടും. യേശു പറഞ്ഞു, "... ഞാൻ നിങ്ങളോടു സംസാരിച്ച വചനം തന്നെ അന്ത്യനാളിൽ നിങ്ങളെ ന്യായം വിധിക്കും" (യോഹന്നാൻ 14:28). രണ്ട്, നമ്മുടെ പ്രവർത്തികളാൽ നാം വിധിക്കപ്പെടും. "... അവനവൻ ശരീരത്തിലിരിക്കുമ്പോൾ, ചെയ്തതു നല്ലതാകിലും തീയതാകിലും, അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു തന്നെ" (2 കൊരിന്ത്യർ 5:10; ഒ.വാ. വെളിപ്പാട് 20:12, 13; സഭാപ്രസംഗി 12:14). ഇതു രണ്ടും എങ്ങനെ യോജിച്ചുപോകും? നമ്മുടെ പ്രവർത്തികൾ അനുസരിച്ച് ക്രിസ്തുവിന്റെ വാക്കുകളാൽ നാം വിധിക്കപ്പെടുന്നത്, നമ്മുടെ പ്രവർത്തികളിൽ, നാം അവന്റെ വചനം അനുസരിച്ചോ ഇല്ലയോ എന്നത് ആസ്പദമാക്കിയാണ്.

അപ്പോൾ ജോ ബ്രൗണിനു ന്യായവിധിയിലെ വിധി എന്തായിരിക്കും? ആ വിധി വാസ്തവത്തിൽ തന്റെ ജീവിതത്താൽ ജോ ബ്രൗൺ തന്നെ ഓരോ ദിവസവും എഴുതുകയാണ്. ജോ ബ്രൗൺ ക്രിസ്തുവിന്റെ ഇഷ്ടം അവന്റെ ജീവിതത്തിൽ, അനുസരിച്ചോ ഇല്ലയോ എന്നതാണ് ന്യായവിധിയിൽ അവൻ രക്ഷിക്കപ്പെടുമോ അതോ നഷ്ടപ്പെടുമോ എന്നു നിർണ്ണയിക്കുന്നത്. അതുപോലെതന്നെയാണ് നിങ്ങളുടെയും എന്റെയും വിധി. ആ ദിവസം നാം നിരപരാധി ആയിരിക്കുമോ അല്ലെങ്കിൽ കുറ്റക്കാരൻ ആയിരിക്കുമോ എന്ന് ഇന്നു നാം തീരുമാനിക്കുകയാണ്, അതു നാം ഓരോ ദിവസവും നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിനെ അനുസരിക്കുന്നോ ഇല്ലയോ എന്നതിനെ ആസ്പദമാക്കിയിരിക്കും.

## ജോ ബ്രൗൺ നിത്യതയിൽ

ആറാമതു, നിത്യതയിൽ ജോ ബ്രൗൺ എങ്ങനെ ഇരിക്കുമെന്ന് ചിന്തിക്കുക.

ജോ ബ്രൗണിനു നിത്യമായ എന്തെല്ലാം സാധ്യതകൾ ആണുള്ളത്? മത്തായി 25:46 പറയുന്നു, "ഇവർ നിത്യ ദണ്ഡനത്തിലേക്കും, നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും."

ജോ ബ്രൗണിനും ശേഷിച്ച നമുക്കും, രണ്ട് സാധ്യതകൾ മാത്രമാണുള്ളത്: ഒന്നുകിൽ, നരകത്തിൽ നിത്യമായ ശിക്ഷാവിധി, അല്ലെങ്കിൽ സ്വർഗ്ഗത്തിൽ, നിത്യജീവൻ. മത്തായി 25:46-ൽ പറയുന്നതു രണ്ടും ഒന്നുതന്നെയാണെന്നു ശ്രദ്ധിക്കുക; ഒന്ന് മറ്റൊന്നുപോലെ തന്നെ, ദൈർഘ്യമേറിയതും, വാസ്തവമായതും ആണെന്നു നാം തീർച്ചപ്പെടുത്തണം. സ്വർഗ്ഗമുണ്ടെങ്കിൽ ആ സ്വർഗ്ഗം നിത്യമായി ഉള്ളതാണെങ്കിൽ, പിന്നെ ഒരു നിത്യമായ നരകവും ഉണ്ട്.

വാസ്തവത്തിൽ ഒരു സ്വർഗ്ഗം ഉണ്ടോ? 1969-ൽ *സിഡ്നി മോർണിങ് ഹെറാൾഡിൽ* "വാസ്തവത്തിൽ ഒരു സ്വർഗ്ഗം ഉണ്ടോ?" എന്ന ഒരു ലേഖനം പ്രത്യക്ഷപ്പെടുക ഉണ്ടായി. അത് "വേഗത്തിലുള്ള ഒരു ഭൗമിക അവലോകനത്തിന്റെ" ഫലത്തെ ഉദ്ധരിച്ചതു സ്വർഗ്ഗത്തെ കുറിച്ചു അസംഖ്യം ആളുകളുടെ കാഴ്ച്ചപ്പാട് നൽകുന്നതായിരുന്നു.

> ... ഒരു മനുഷ്യവാദി പറഞ്ഞു, "ഞങ്ങൾ സ്വർഗ്ഗവും നരകവുമെന്ന ആശയത്തെ തള്ളികളയുന്നു. രണ്ടാമത്തേതിനെ ഒരു പൈശാചിക ആശയമായി ഞങ്ങൾ കരുതുന്നു." ... ഒരു റബ്ബി പറഞ്ഞത് സ്വർഗ്ഗമെന്നത് ഒരു ആത്മീയ ആശയമാണ് എന്നാണ്. ഒരു ശില്പി പറഞ്ഞത് അയാൾ ഒരു ദിവസം

> വിസ്മൃതിയിലേക്ക് യാത്ര ചെയ്യും എന്നാണു വിചാരിക്കുന്നത്, എന്നാൽ തീർച്ചയുള്ള ഒന്നിലേക്ക് യാത്ര ചെയ്തുകൊണ്ടിരിക്കുവാൻ ആശിക്കുന്നു.... സ്വർഗ്ഗവും നരകവും മനുഷ്യന്റെ സങ്കൽപ്പ സൃഷ്ടിയാണെന്നുള്ള നിരീക്ഷണമാണ് തിരിച്ചറിയാത്ത ഫ്ളയിംങ് ഓബ്ജക്ട് ഇൻവെസ്റ്റിഗേഷൻ സെന്ററിന്റെ പ്രസിഡന്റ് നിരീക്ഷിച്ചത്, എന്നാൽ കൂടുതൽ ഉയർന്ന പരിഷ്കാരത്തോടുകൂടി ഉള്ള ഒരു നല്ല ലോകം ശൂന്യാകാശത്തിൽ ഉണ്ടായേക്കാം.

ആളുകൾ എന്തു വിചാരിച്ചാലും, ബൈബിൾ പഠിപ്പിക്കുന്നത് ഒരു സ്വർഗ്ഗം ഉണ്ടെന്നാണ്, അതാണു നാം കണക്കിലെടുക്കേണ്ടത്.

വാസ്തവത്തിൽ ഒരു നരകം ഉണ്ടോ? നരകം ഒരു നിത്യശിക്ഷാവിധി ആണെന്ന കാഴ്ച്ചപ്പാടിനെ ചിലർ എതിർക്കുന്നുണ്ട്. അവർ വിചാരിക്കുന്നത് നരകം എന്നത് ഒരു നിമിഷത്തേക്കുള്ളതാണ്, അല്ലാതെ നിത്യമായിട്ടുള്ളതല്ല. അവരെ സംബന്ധിച്ച്, ദുഷ്ടന്മാർ നിസ്സാരമായി ഇല്ലാതാകും – അവർ പിന്നെ നിലനില്ക്കുകയില്ല. എന്നാൽ ദുഷ്ടന്മാർ ഇല്ലാതാകും എന്നു ബൈബിൾ പഠിപ്പിക്കുന്നില്ല. മറിച്ച് അവർ എന്നേക്കും കഷ്ടപ്പെടും എന്നാണു പഠിപ്പിക്കുന്നത്. വെളിപ്പാട് 14:11 പറയുന്നു, "അവരുടെ ദണ്ഡനത്തിന്റെ പുക എന്നേക്കും ഉയർന്നുകൊണ്ടിരിക്കും; അവർക്കു രാപ്പകൽ ഒരു വിശ്രമവും ഉണ്ടാവുകയില്ല ..."

ചിലർ വാദിച്ചേക്കാം, "അതു വളരെ ക്രൂരമാണ്." "മനുഷ്യർ മറ്റു മനുഷ്യരെ ദണ്ഡിപ്പിക്കുന്നില്ല. തീർച്ചയായും അവനേയും അവന്റെ വചനത്തെയും തള്ളിപറയുന്നവരെ ദൈവം ദണ്ഡിപ്പിക്കുകയില്ല." വീണ്ടും ചിന്തിക്കുക: എന്തുകൊണ്ടു ദൈവം ദുഷ്ടരെ ശിക്ഷിക്കുന്നില്ല? അവർ നല്ല ദൈവത്തിനെതിരായി പാപം ചെയ്തവരാണ്. അവർക്കുവേണ്ടി യാഗം അർപ്പിച്ചതിനെ അവർ നിന്ദിച്ചവരാണ്. അവർ മത്സര ജീവിതം നയിച്ചവരാണ്. രക്ഷിക്കപ്പെടുവാനുള്ള എല്ലാ അവസരങ്ങളും അവർ നിരസിച്ചവരാണ്. അവർ തുടർച്ചയായി പാപം ചെയ്തവരാണ്, നിത്യനായ ദൈവത്തിനെതിരെ പ്രവർത്തിച്ചവരുമാണ്, അതുകൊണ്ട് അവർക്കു നിത്യശിക്ഷ യോഗ്യമായതാണ്.

നരകം എങ്ങനെ ഇരിക്കും? പുതിയനിയമം നരകത്തെ വിവരിക്കുന്നത് (മറ്റു കാര്യങ്ങളെ പോലെ) തീപൊയ്ക പോലെ ഇരിക്കും (വെളിപ്പാട് 20:15), കരച്ചിലുള്ള തീചൂള പോലെയും (മത്തായി 13:42), ഒരു യാതനാ സ്ഥലം (ലൂക്കൊസ് 16:23), പുറത്തുള്ളഇരുട്ടു (മത്തായി 8:12), കരുണക്കായി ആളുകൾ നിലവിളിക്കുന്ന സ്ഥലം (ലൂക്കൊസ് 16:24), നിത്യശിക്ഷാവിധിയുള്ള സ്ഥലം (മത്തായി 25:46), പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കിയിട്ടുള്ള സ്ഥലം (മത്തായി 25:41), ഗന്ധകം കത്തുന്ന ഒരു യാതനാസ്ഥലം (വെളിപ്പാട് 21:8).

നിത്യത മുഴുവൻ ജോ ബ്രൗൺ എവിടെ ചെലവഴിക്കും? തീർച്ചയായും, ഒന്നുകിൽ സ്വർഗ്ഗത്തിൽ അല്ലെങ്കിൽ നരകത്തിൽ. അതു അവൻ ഇപ്പോൾ ചെയ്യുന്ന പ്രവൃത്തികളെ ആസ്പദമാക്കിയിരിക്കും. ക്രിസ്തുവിന്റെ സുവിശേഷം അനുസരിച്ചു ക്രിസ്തുവിന്റെ രക്തത്താൽ അവൻ രക്ഷ സ്വീകരിച്ചാൽ, ദൈവേഷ്ടപ്രകാരം മരണം വരെ ജീവിച്ചാൽ, അവന് നിത്യത സ്വർഗ്ഗത്തിൽ ചെലവഴിക്കാമെന്ന് തീർച്ചപ്പെടുത്താം. എന്നാൽ അവൻ പാപത്തിൽ തനിക്കുവേണ്ടി ജീവിച്ചാൽ, അവൻ നഷ്ടപ്പെടുകയും നരകത്തിൽ എന്നേക്കും വസിക്കുകയും ചെയ്യും.

## ഉപസംഹാരം

നിങ്ങൾ ഇതുവരെ ചോദിച്ചതിൽ ഏറ്റവും സുപ്രധാനമായ ഒരു ചോദ്യമായിരിക്കും മറ്റൊന്നു: *നിങ്ങൾ നിത്യത മുഴുവൻ എവിടെ ചെലവഴിക്കുന്നു?* രണ്ടു സാധ്യതകൾ മാത്രമാണുള്ളത്: ഒന്നുകിൽ സ്വർഗ്ഗം അല്ലെങ്കിൽ നരകം. മൂന്നാമതു ഒരുത്തരമില്ല. അതിനപ്പുറമായി, ജോ ബ്രൗണിന്റെ ഉദാഹരണം വെച്ചു നിങ്ങളുടെ അന്തിമസ്ഥാനം എവിടെ ആയിരിക്കുമെന്ന് പറയുവാൻ സാധിക്കും: അത് നിങ്ങളെ ആസ്പദമാക്കിയാണിരിക്കുന്നത്. നിങ്ങൾ തന്നെ, ഇപ്പോഴും അപ്പോഴും, എവിടെയായിരിക്കുമെന്ന് നിർണ്ണയിക്കേണ്ടത്.

നിങ്ങൾ സുവിശേഷം അനുസരിച്ചു ക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടാൽ, തുടർന്നു അവന്റെ ഇഷ്ടപ്രകാരം മരണത്തോളം ജീവിച്ചാൽ, തീർച്ചയായും നിങ്ങൾ സ്വർഗ്ഗത്തിൽ ദൈവത്തോടുകൂടെ നിത്യത ചിലവഴിക്കും. എന്നാൽ നിങ്ങൾ പാപത്തിൽ ജീവിച്ചാൽ, നിങ്ങൾ നഷ്ടപ്പെട്ടവനാണെന്നും നരകത്തിൽ എന്നേക്കും ജീവിക്കേണ്ടിവരുമെന്നും തീർച്ചപ്പെടുത്തുക. സ്വർഗ്ഗത്തിൽ പോകണമോ അതോ നരകത്തിൽ പോകണമോ എന്നു തീരുമാനിക്കേണ്ടത് നിങ്ങളാണ്!

ഒരു ശൈത്യമുള്ള രാത്രിയിലെ സ്വപ്നത്തിൽ, വനത്തിനു മദ്ധ്യേയുള്ള റോഡിൽ കൂടെ ഞാൻ കാറോടിച്ചു തനിയെ പോകുന്നു. ഞാനൊരു വഴിത്തിരിവിൽ എത്തി, ഇടത്തുവശത്തേക്കു തിരിഞ്ഞു, യാത്ര തുടർന്നു. ആ റോഡ് ചുരുങ്ങിചുരുങ്ങി വരികയും പരുപരുത്തതും കൂടുതൽ പരുപരുത്തതുമായി അവസാനം റോഡുതന്നെ ഇല്ലാതാവുകയും ചെയ്തു. അപ്പോൾ ഞാൻ കാർ തിരിച്ചു അവസാനം റോഡിന്റെ തിരിവിലേക്കു യാത്ര ചെയ്തു. പെട്ടെന്നു, *ഞാൻ എവിടെയാണെന്നോ അല്ലെങ്കിൽ എവിടേക്കുപോവുകയായിരുന്നുവെന്നോ അറിയുവാൻ കഴിഞ്ഞില്ല.* ഞാൻ പൂർണ്ണമായും ശൂന്യമാകുന്നതുപോലെ എനിക്കു തോന്നി. അതു ഭയങ്കര തോന്നലും ഭയപ്പെടുത്തുന്ന അനുഭവവും ആയിരുന്നു. അതു എന്നെ ഉണർത്തി, എന്നാൽ ആ സ്വപ്നം എന്നിൽ തന്നെ നിന്നു.

അനേകം ആളുകൾ *വരുവാനുള്ള* ലോകത്തെ കുറിച്ചു ചിന്തിക്കാതെ ഈ ലോക ജീവിതത്തിനായി ബദ്ധപ്പെട്ടുകൊണ്ടാണിരിക്കുന്നത്. അവരുടെ ചിന്ത *ഇപ്പോഴുള്ള ജീവിതത്തെ* കുറിച്ചു മാത്രമാണ് അല്ലാതെ *ഇതിനുശേഷമുള്ള ജീവിതത്തെ* കുറിച്ചല്ല. അവർ *നിത്യതയെ* കുറിച്ചു ഒരു ചിന്തയും ഇല്ലാതെയാണ് ഈ ലോകത്തിൽ ജീവിക്കുന്നത്. *അവർ എവിടെയാണെന്നോ ഒരർത്ഥത്തിൽ അവർ എവിടെ പോകുന്നുവെന്നോ വാസ്തവത്തിൽ അവർ അറിയുന്നില്ല!*

നിങ്ങളെ സംബന്ധിച്ചും അതു അങ്ങനെ ആണെങ്കിൽ, നിങ്ങൾ ഇന്നു ചെയ്യുന്നതിന്റെ അനന്തരഫലമായിട്ടായിരിക്കും നിത്യതയിൽ അനുഭവപ്പെടുക എന്ന് ഗൗരവപൂർവ്വം ചിന്തിക്കുക. സ്വർഗ്ഗത്തിലേക്ക് സഞ്ചരിക്കുകയാണ് എന്ന അറിവോടെ തന്നെ നിങ്ങളുടെ ജീവിതത്തെ തീർച്ചപ്പെടുത്തി നയിക്കുക!

---

കുറിപ്പ്

[1]*കംപ്ളീറ്റ് ലെക്ച്ചേഴ്സ് ഓഫ് ആർ. ജി. ഇംഗെർസോൾ* (ഷിക്കാഗോ: ജെ. റേജൻ & കമ്പനി., എൻ. ഡി.), 60